

# അമ്മയ്ക്കായ്....

(കവിത)



-സൗഭാഗ്യം പത്മകുമാർ

ലാളിത്യമാർന്നൊരു ഭാവഗീതി പോലവേ
സമ്മിശ്ര നോവിലും ഒരു തുണയായെന്നും
ഓരോ വളർച്ച തൻ പടവിലും   നമ്മേ
പോറ്റിവളർത്തുന്നോരമ്മേ മറക്കാമോ ?

മക്കളെ സ്നേഹിച്ചും ,ലാളിച്ചും ,പാലിച്ചും
വാത്സല്യാമൃതമാവോളമൂട്ടിയും
എന്നും പുലർകാലേ മന്ദസ്മിതം തൂകി
യെത്തീടുമെന്നമ്മ  അമ്മേ മറക്കാമോ  ?

ഓർമകളോളങ്ങളായി മാറീടുന്നു
'അമ്മ തൻ സ്മരണകളെന്നിൽ നിറയുന്നു
ദുഃഖത്തിൻ നിഴലായ് സന്തോഷത്തണലായ്
ആ പുണ്യവതിയെന്നിൽ   ലസിക്കുന്നു ദുഗ്ദ്ധം പോൽ !